കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ ഉടമസ്ഥതയിലുള്ള ഗസ്റ്റ് ഹൗസ് ലേല നടപടികൾ കൂടാതെ ഗുരുവായൂർ മുൻസിപ്പാലിറ്റി പ്രവാസി ക്ഷേമ സഹകരണ സംഘത്തിന് നടത്തിപ്പിന് നൽകുന്നതിന് ഗുരുവായൂർ മുൻസിപ്പാലിറ്റിയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ(സാധാ)നം.206/2022/ത.സ്വ.ഭ.വ   തീയതി, തിരുവനന്തപുരം: 02-02-2022

---

പരാമർശം: 1) ഗുരുവായൂർ പ്രവാസി ക്ഷേമ സഹകരണ സംഘം പ്രസിഡന്റിന്റെ 21/09/2021-ലെ നിവേദനം.

2) ഗുരുവായൂർ നഗരസഭയുടെ 28-12-2021 ലെ 39-ാം നമ്പർ കൗൺസിൽ തീരുമാനം

3) ഗുരുവായൂർ നഗരസഭാ സെക്രട്ടറിയുടെ 19-1-2022 ലെ R3-18711/21 നം. കത്ത്.

**ഉത്തരവ്**

പ്രവാസികളുടെ ഉന്നമനത്തിനായി ടൂറിസം മേഖലയിൽ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെന്നും, ആയതിന്റെ ഭാഗമായി ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ അധീനതയിലുള്ള പടിഞ്ഞാറേ നടയിൽ സ്ഥിതി ചെയ്യുന്ന മുൻസിപ്പൽ ഗസ്റ്റ് ഹൗസ് ലേല നടപടികൾ കൂടാതെ പാട്ടത്തിന് ഏറ്റെടുത്ത് നൽകുന്നതിന് അനുമതി നൽകണമെന്നും പരാമർശം (1) പ്രകാരം ഗുരുവായൂർ പ്രവാസി ക്ഷേമ സഹകരണ സംഘം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഗുരുവായൂർ നഗരസഭ ഇത് സംബന്ധിച്ച് പരാമർശം (2) പ്രകാരം കൗൺസിൽ തീരുമാനം കൈക്കൊണ്ടിട്ടുണ്ടെന്ന് നഗരസഭ സെക്രട്ടറി അറിയിച്ചിട്ടുണ്ട്.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. ഗുരുവായൂർ മുൻസിപ്പാലിറ്റിയുടെ അധീനതയിലുള്ള പടിഞ്ഞാറേ നടയിൽ സ്ഥിതി ചെയ്യുന്ന ഗസ്റ്റ് ഹൗസ് ലേല നടപടികൾ കൂടാതെ ഗുരുവായൂർ മുൻസിപ്പാലിറ്റി പ്രവാസി ക്ഷേമകാര്യ സഹകരണ സംഘത്തിന് നടത്തിപ്പിന് നൽകുന്നതിന് ഗുരുവായൂർ നഗരസഭയ്ക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിപ്പിക്കുന്നു. ഇപ്രകാരം നടത്തിപ്പിന് നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഗുരുവായൂർ നഗരസഭ നിശ്ചയിക്കേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

സെക്രട്ടറി, ഗുരുവായൂർ മുൻസിപ്പാലിറ്റി

പ്രസിഡന്റ് ഗുരുവായൂർ മുൻസിപ്പാലിറ്റി പ്രവാസി ക്ഷേമകാര്യ സഹകരണ സംഘം, പ്രൈവറ്റ് ബസ് സ്റ്റാന്റിന് സമീപം, കിഴക്കേനട, ഗുരുവായൂർ

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-I/ആഡിറ്റ്-II), കേരള,
തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി
(ത.സ്വ.ഭ.വ-ആർസി2/316/2021-ത.സ്വ.ഭ.വ.)

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ

**പകർപ്പ്**. ബഹു.തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്